"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല -ഒറ്റപ്പാലം നിയോജകമണ്ഡലം - '**പഴയലക്കിടി - അകലൂർ പൂക്കാട്ടുകുന്ന് പെരുപ്പറമ്പ് റോഡ് നവീകരണം**' എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1678/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:- 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.08.2024 & 20/3/2025 എന്നീ തീയതികളിലെ LSGD/PD/22261/2024-DB4-നമ്പർ കത്തുകൾ

ഉത്തരവ്

പാലക്കാട് ജില്ല ഒറ്റപ്പാലം നിയോജകമണ്ഡലം - ബഡ്ജറ്റ് 2023-24 - അനുബന്ധം II വാല്യം II, ക്രമ നമ്പർ 577 ആയി ഉൾപ്പെടുത്തിയിട്ടുള്ള **'പഴയലക്കിടി - അകലൂർ പൂക്കാട്ടുകുന്ന് പെരുപ്പറമ്പ് റോഡ് നവീകരണം'** എന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖേന P.M.C.-വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് ബഹു. ഒറ്റപ്പാലം M.L.A.-ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ P.M.C.-വ്യവസ്ഥയിൽ D.P.R.-തയ്യാറാക്കി പദ്ധതി നിർവഹണം നടത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള സെന്റേജ് ചാർജ് (5.5%) രേഖപ്പെടുത്തിയ K.E.L.-തയ്യാറാക്കിയ 100.00 ലക്ഷം രൂപയുടെ ഡി.പി.ആർ.മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ 577 ആയി, 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിട്ടുള്ള **'പഴയ ലക്കിടി അകലൂർ- പൂക്കാട്ടുകുന്ന്- പെരുമ്പറമ്പ് റോഡ് നവീകരണം'** എന്ന പ്രവൃത്തി KEL മുഖേന നിർവഹണം നടത്തുന്നതിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തിക്ക് ആവശ്യമായ ചെലവ് '4515-00-800- 92(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:2933556/DEV-3/164/2024-Fin dated 24.04.2025) (AS/LGD/25/42116)

കരുതൽ ഫയൽ.(DB2/625/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 07-07-2025 11:39:28

സെക്ഷൻ ഓഫീസർ